

# Palakkad Police Action

.facebook.com/palakkadpolice

www.twitter.com/DpcPalakkad

## കഞ്ചാവുമായി രണ്ട് പേർ അറസ്റ്റിൽ

1 കിലോ 200 ഗ്രാം കഞ്ചാവുമായി രണ്ട് പേരെ പാലക്കാട് നോർത്ത് പോലീസും, ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് അറസ്റ്റ് ചെയ്തു. , പാലക്കാട്, കൽപ്പാത്തി സ്വദേശി ഹരി വ:58, ജൈനിമേട് സ്വദേശി ഷാജഹാൻ എന്ന പേയ് ഷാജഹാൻ എന്നിവരെയാണ് പോലീസ് ഒലവക്കോടിന് അടുത്ത് നിന്നും കസ്റ്റഡിയിലെടുത്തത്.

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്. നർകോട്ടിക് സെൽ DySP ബാബു K തോമസിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 60,000 രൂപയോളം വില വരും.



പാലക്കാട് ടൗൺ കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്കാണ് വിൽപ്പന നടത്തി വരുന്നത്. ഒരു ചെറിയ പാക്കറ്റ് കഞ്ചാവിന് 500 രൂപയാണ് ഈടാക്കുന്നത്. പഴനിയിൽ നിന്നുമാണ് പ്രതികൾ കഞ്ചാവ് കൊണ്ട് വന്ന് ചില്ലറ വില്പന നടത്തുന്നതെന്ന് പ്രതികൾ പോലീസിന് മൊഴി നൽകി

പാലക്കാട് ടൗൺ നോർത്ത് ഇൻസ്പെക്ടർ ഷിജു എബ്രഹാം , SI. S. അൻഷാദ്, കസബ SI. വിപിൻ K വേണുഗോപാൽ, ഡാൻസാഫ് അംഗങ്ങളായ S.I. S. ജലീൽ, T. R. സുനിൽ കുമാർ, C. V. ബിജു , R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, H.ഷാജഹാൻ, R. രാജീദ് ടൗൺ നോർത്ത് CPo മാരായ സുരേഷ്, സുമേഷ്, സന്തോഷ് കുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

